3842
4/4/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.അനീഷ് രവീന്ദ്രൻ, ലോവർ ഡിവിഷൻ ക്ലാർക്കിന് മൂന്ന് മാസത്തെ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തിരുവനന്തപുരം വനം വകുപ്പാസ്ഥാനത്തെ ഓഫീസിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 132/2015/വനം തീയതി, തിരുവനന്തപുരം, 27/03/2015

---

പരാമർശം: 1. ശ്രീ.രവീന്ദ്രന്റെ 27/10/2014 തീയതിയായുള്ള നിവേദനം.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ടെ 23/2/2015-ലെ E3-53293/2014 നമ്പർ കത്ത്.

ഉത്തരവ്

നോർത്ത് വയനാട് മാനന്തവാടി ഡിവിഷൻ ഫോറസ്റ്റ് ഓഫീസിൽ എൽ.ഡി.ക്ലാർക്ക് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.അനീഷ് രവീന്ദ്രന്റെ അച്ഛൻ ബൈപാസ് സർജറി കഴിഞ്ഞ തനിക്ക് മകന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും ആവശ്യമാണെന്നും ആയതനാൽ മകന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകണമെന്നും പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചു. ജില്ലാ നിയമന വ്യവസ്ഥ പ്രകാരം നിയമനം ലഭിക്കുന്നവർക്ക് അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയാൽ മാത്രമേ ജില്ല വിട്ടുള്ള സ്ഥലംമാറ്റത്തിന് അർഹതയുള്ളൂവെന്നും ശ്രീ.രവീന്ദ്രന്റെ നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച് തിരുവനന്തപുരത്തുള്ള വനം വകുപ്പാസ്ഥാന ഓഫീസിലേക്ക് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിക്കണമെന്നും പരാമർശിത കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ സമർപ്പിച്ചു.

(…................2)

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് നോർത്ത് ഡിവിഷൻ ഓഫീസിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.അനീഷ് രവീന്ദ്രന്, പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മൂന്നുമാസത്തേക്ക് തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാന ഓഫീസിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
തിരുവനന്തപുരം
ശ്രീ.അനീഷ് രവീന്ദ്രൻ ( പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ